# വണ്ടൂർ ഗണിതം - എസ്.എസ്.എൽ.സി പഠനസഹായി 2022

## സ്ഥിതിവിവരക്കണക്ക് - NOTE - വിഭാഗങ്ങളും മധ്യമവും

1 ഒരു തൊഴിൽശാലയിൽ പലതരം ജോലി ചെയ്യുന്നവരുടെ എണ്ണം ദിവസക്കൂലി അനുസരിച്ച് എഴുതിയ പട്ടിക ചുവടെ കൊടുക്കുന്നു.

| ദിവസക്കൂലി (രൂപയിൽ) | തൊഴിലാളികളുടെ എണ്ണം |
|---|---|
| 400 - 500 | 7 |
| 500 - 600 | 8 |
| 600 - 700 | 10 |
| 700 - 800 | 9 |
| 800 - 900 | 5 |
| 900 - 1000 | 4 |

a) ദിവസക്കൂലി കൂടി വരുന്ന രീതിയിൽ തൊഴിലാളികളെ ക്രമീകരിച്ചാൽ , എത്രാമത്തെ തൊഴിലാളിയുടെ ദിവസക്കൂലിയാണ് മധ്യമമായി വരുന്നത് ?

b) ദിവസക്കൂലി കൂടി വരുന്ന രീതിയിൽ തൊഴിലാളികളെ ക്രമീകരിച്ചാൽ 16-) മത്തെ തൊഴിലാളിയുടെ ദിവസക്കൂലി എത്രയായിട്ടാണ് സങ്കൽപ്പിക്കുന്നത് ?

c) ദിവസക്കൂലിയുടെ മധ്യമം കണ്ടുപിടിക്കുക ?

<u>ഉത്തരം</u> .

| ദിവസക്കൂലി | തൊഴിലാളികളുടെ എണ്ണം |
|---|---|
| 500 നേക്കാൾ കുറവ് | 7 |
| 600 നേക്കാൾ കുറവ് | 15 |
| 700 നേക്കാൾ കുറവ് | 25 |
| 800 നേക്കാൾ കുറവ് | 34 |
| 900 നേക്കാൾ കുറവ് | 39 |
| 1000 നേക്കാൾ കുറവ് | 43 |

a) $N = 43$

► മധ്യമം = 22 -) മത്തെ തൊഴിലാളിയുടെ ദിവസക്കൂലി = $x_{22}$


മധ്യമം വരുന്നത് 600 നും 700 നും ഇടയിലാണ് . ( മധ്യമവിഭാഗം : 600 – 700 )

മധ്യമവിഭാഗത്തിൽ 10 തൊഴിലാളികളുണ്ട് .

600 മുതൽ 700 വരെയുള്ള 100 രൂപയെ 10 തുല്യഭാഗങ്ങളാക്കുക .

ഒരു ഉപവിഭാഗത്തിന്റെ നീളം = $\frac{100}{10} = 10 = d$

ഇങ്ങനെ കിട്ടുന്ന ഓരോ ഉപവിഭാഗത്തിന്റെയും കൃത്യം നടുവിലാണ് മധ്യമവിഭാഗത്തിലെ ആളുകളുടെ ദിവസക്കൂലികൾ വരുന്നത് എന്ന് സങ്കൽപ്പിക്കുക .




b) $x_{16} = \frac{600 + 610}{2} = \frac{1210}{2} = 605$

( മധ്യമവിഭാഗത്തിൽ വരുന്ന ദിവസക്കൂലികൾ സമാന്തരശ്രേണിയിലാണ് )

c) മധ്യമം = $x_{22}$

$= x_{16} + 6d = 605 + 6 \times 10 = 605 + 60 = 665$ രൂപ

2 ചുവടെയുള്ള പട്ടികയിൽ , ഒരു പ്രദേശത്തെ 71 കുടുംബങ്ങളെ മാസവരുമാനത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചിരിക്കുന്നു.

| മാസവരുമാനം (രൂപയിൽ) | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 3000 - 4000 | 9 |
| 4000 - 5000 | 10 |
| 5000 - 6000 | 15 |
| 6000 - 7000 | 20 |
| 7000 - 8000 | 11 |
| 8000 - 9000 | 6 |

a) മാസവരുമാനം കൂടി വരുന്ന രീതിയിൽ കുടുംബങ്ങളെ ക്രമീകരിച്ചാൽ , എത്രാമത്തെ കുടുംബത്തിന്റെ മാസവരുമാനമാണ് മധ്യമമായി വരുന്നത് ?

b) മാസവരുമാനം കൂടി വരുന്ന രീതിയിൽ കുടുംബങ്ങളെ ക്രമീകരിച്ചാൽ 35 -) മത്തെ

കുടുംബത്തിന്റെ മാസവരുമാനമാനം എത്രയായിട്ടാണ് സങ്കൽപ്പിക്കുന്നത് ?


c) മാസവരുമാനമാനത്തിന്റെ മധ്യമം കണ്ടുപിടിക്കുക ?

<u>ഉത്തരം</u> .

| മാസവരുമാനം | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 4000 നേക്കാൾ കുറവ് | 9 |
| 5000 നേക്കാൾ കുറവ് | 19 |
| 6000 നേക്കാൾ കുറവ് | 34 |
| 7000 നേക്കാൾ കുറവ് | 54 |
| 8000 നേക്കാൾ കുറവ് | 65 |
| 9000 നേക്കാൾ കുറവ് | 71 |

a) $N = 71$

- മധ്യമം = 36 -) മത്തെ കുട്ടിയുടെ മാർക്ക് = $x_{36}$
- മധ്യമം വരുന്നത് 6000 നും 7000 നും ഇടയിലാണ് . ( മധ്യമവിഭാഗം : 6000 – 7000 )
- മധ്യമവിഭാഗത്തിൽ 20 കുടുംബങ്ങളുണ്ട് .
- 6000 മുതൽ 7000 വരെയുള്ള 1000 രൂപയെ 20 തുല്യഭാഗങ്ങളാക്കുക .
- ഒരു ഉപവിഭാഗത്തിന്റെ നീളം = $\frac{1000}{20} = 50 = d$
- ഇങ്ങനെ കിട്ടുന്ന ഓരോ ഉപവിഭാഗത്തിന്റെയും കൃത്യം നടുവിലാണ് മധ്യമവിഭാഗത്തിലെ കുടുംബങ്ങളുടെ മാസവരുമാനങ്ങൾ വരുന്നത് എന്ന് സങ്കൽപ്പിക്കുക .




b) $x_{35} = \frac{6000 + 6050}{2} = \frac{12050}{2} = 6025$

(മധ്യമവിഭാഗത്തിൽ വരുന്ന മാസവരുമാനങ്ങൾ സമാന്തരശ്രേണിയിലാണ് )

c) മധ്യമം = $x_{36}$

= $x_{35} + d = 6025 + 50 = 6075$ രൂപ

3 ഒരു പരീക്ഷ എഴുതിയ കുട്ടികളെ മാർക്കിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച പട്ടിക ചുവടെ കൊടുത്തിരിക്കുന്നു .

| മാർക്ക് | കുട്ടികളുടെ എണ്ണം |
|---|---|
| 0 – 10 | 5 |
| 10 – 20 | 11 |
| 20 – 30 | 10 |
| 30 – 40 | 12 |
| 40 – 50 | 7 |

a) മാർക്ക് കൂടി വരുന്ന രീതിയിൽ കുട്ടികളെ ക്രമീകരിച്ചാൽ എത്രാമത്തെ കുട്ടിയുടെ മാർക്കാണ് മധ്യമമായി വരുന്നത് ?

b) മാർക്ക് കൂടി വരുന്ന രീതിയിൽ കുട്ടികളെ ക്രമീകരിച്ചാൽ 17 -) മത്തെ കുട്ടിയുടെ മാർക്ക് എത്രയായിട്ടാണ് സങ്കൽപ്പിക്കുന്നത് ?

c) മധ്യമമാർക്ക് കണ്ടുപിടിക്കുക ?

**ഉത്തരം** .


| മാർക്ക് | കുട്ടികളുടെ എണ്ണം |
|---|---|
| 10 നേക്കാൾ കുറവ് | 5 |
| 20 നേക്കാൾ കുറവ് | 16 |
| 30 നേക്കാൾ കുറവ് | 26 |
| 40 നേക്കാൾ കുറവ് | 38 |
| 50 നേക്കാൾ കുറവ് | 45 |

a) $N=45$

- മധ്യമം = 23 -) മത്തെ കുട്ടിയുടെ മാർക്ക് = $x_{23}$
- മധ്യമം വരുന്നത് 20 നും 30 നും ഇടയിലാണ് . ( മധ്യമവിഭാഗം : 20 – 30 )
- മധ്യമവിഭാഗത്തിൽ 10 കുട്ടികളുണ്ട് .
- 20 മുതൽ 30 വരെയുള്ള 10 മാർക്കിനെ 10 തുല്യഭാഗങ്ങളാക്കുക .

➤ ഒരു ഉപവിഭാഗത്തിന്റെ നീളം = $\frac{10}{10} = 1 = d$

➤ ഇങ്ങനെ കിട്ടുന്ന ഓരോ ഉപവിഭാഗത്തിന്റെയും കൃത്യം നടുവിലാണ് മധ്യമവിഭാഗ ത്തിലെ കുട്ടികളുടെ മാർക്കുകൾ വരുന്നത് എന്ന് സങ്കൽപ്പിക്കുക .




b) $x_{17} = \frac{20 + 21}{2} = \frac{41}{2}$

( മധ്യമവിഭാഗത്തിൽ വരുന്ന മാർക്കുകൾ സമാന്തരശ്രേണിയിലാണ് )

c) മധ്യമം = $x_{23}$

$$= x_{17} + 6d = \frac{41}{2} + (6 \times 1) = \frac{41}{2} + 6 = 20.5 + 6 = 26.5$$

4 ഒരു പ്രദേശത്തെ കുറെ വീടുകളുടെ വൈദ്യുതി ഉപയോഗമനുസരിച്ച് തരം തിരിച്ച പട്ടിക താഴെക്കൊടുക്കുന്നു .

| വൈദ്യുതി ഉപയോഗം ( യൂണിറ്റ് ) | വീടുകളുടെ എണ്ണം |
|---|---|
| 80 – 90 | 3 |
| 90 – 100 | 4 |
| 100 – 110 | 4 |
| 110 – 120 | 5 |
| 120 – 130 | 6 |
| 130 – 140 | 6 |

a) വൈദ്യുതി ഉപയോഗം കൂടി വരുന്ന രീതിയിൽ വീടുകകളെ ക്രമീകരിച്ചാൽ ഏതൊക്കെ വീടുകളുടെ വൈദ്യുതി ഉപയോഗങ്ങളുടെ തുകയുടെ പകുതിയാണ് മധ്യമമായി എടുക്കുന്നത് ?

b)വൈദ്യുതി ഉപയോഗം കൂടി വരുന്ന രീതിയിൽ വീടുകകളെ ക്രമീകരിച്ചാൽ 12-) മത്തെ വീട്ടിലെ വൈദ്യുതി ഉപയോഗം എത്രയായിട്ടാണ് സങ്കൽപ്പിക്കുന്നത് ?

c) വൈദ്യുതി ഉപയോഗത്തിന്റെ മധ്യമം കണ്ടുപിടിക്കുക ?

<u>ഉത്തരം</u> .

| വൈദ്യുതി ഉപയോഗം | വീടുകളുടെ എണ്ണം |
|---|---|
| 90 നേക്കാൾ കുറവ് | 3 |
| 100 നേക്കാൾ കുറവ് | 7 |
| 110 നേക്കാൾ കുറവ് | 11 |
| 120 നേക്കാൾ കുറവ് | 16 |
| 130 നേക്കാൾ കുറവ് | 22 |
| 140 നേക്കാൾ കുറവ് | 28 |

a) $N = 28$

- മധ്യമം = 14 -) മത്തെയും 15 -) മത്തെയും വീടുകളിലെ വൈദ്യുതി ഉപയോഗത്തിന്റെ തുകയുടെ പകുതി = $\frac{x_{14} + x_{15}}{2}$

- മധ്യമം വരുന്നത് 110 നും 120 നും ഇടയിലാണ് . ( മധ്യമവിഭാഗം : 110 – 120 )


- മധ്യമവിഭാഗത്തിൽ 5 വീടുകളുണ്ട് .

.

- 110 മുതൽ 120 വരെയുള്ള 10 യൂണിറ്റിനെ 5 തുല്യഭാഗങ്ങളാക്കുക .

- ഒരു ഉപവിഭാഗത്തിന്റെ നീളം = $\frac{10}{5} = 2 = d$

- ഇങ്ങനെ കിട്ടുന്ന ഓരോ ഉപവിഭാഗത്തിന്റെയും കൃത്യം നടുവിലാണ് മധ്യമവിഭാഗത്തിലെ വീടുകളിലെ വൈദ്യുതി ഉപയോഗം വരുന്നത് എന്ന് സങ്കൽപ്പിക്കുക .




b) $x_{12} = \frac{110 + 112}{2} = \frac{222}{2} = 111$

( മധ്യമവിഭാഗത്തിൽ വരുന്ന വൈദ്യുതി ഉപയോഗങ്ങൾ സമാന്തരശ്രേണിയിലാണ് )

c) $x_{14} = x_{12} + 2d = 111 + (2 \times 2) = 111 + 4 = 115$

$x_{15} = x_{14} + d = 115 + 2 = 117$

മധ്യമം = $\frac{x_{14} + x_{15}}{2} = \frac{115 + 117}{2} = \frac{232}{2} = 116$ യൂണിറ്റ്

5 ഒരു തൊഴിൽശാലയിൽ പലതരം ജോലി ചെയ്യുന്നവരുടെ എണ്ണം ദിവസക്കൂലി അനുസരിച്ച് എഴുതിയ പട്ടിക ചുവടെ കൊടുക്കുന്നു.

| ദിവസക്കൂലി (രൂപയിൽ) | തൊഴിലാളികളുടെ എണ്ണം |
|---|---|
| 350 - 500 | 5 |
| 500 - 650 | 8 |
| 650 - 800 | 15 |
| 800 - 950 | 9 |
| 950 - 1100 | 7 |

a) ദിവസക്കൂലി കൂടി വരുന്ന രീതിയിൽ തൊഴിലാളികളെ ക്രമീകരിച്ചാൽ ,
ഏതൊക്കെ തൊഴിലാളികളുടെ ദിവസക്കൂലികളുടെ തുകയുടെ പകുതിയാണ് മധ്യമമായി എടുക്കുന്നത് ?

b) ദിവസക്കൂലി കൂടി വരുന്ന രീതിയിൽ തൊഴിലാളികളെ ക്രമീകരിച്ചാൽ 14 -) മത്തെ തൊഴിലാളിയുടെ ദിവസക്കൂലി എത്രയായിട്ടാണ് സങ്കൽപ്പിക്കുന്നത് ?

c) ദിവസക്കൂലിയുടെ മധ്യമം കണ്ടുപിടിക്കുക ?

<u>ഉത്തരം</u> .

| ദിവസക്കൂലി | തൊഴിലാളികളുടെ എണ്ണം |
|---|---|
| 500 നേക്കാൾ കുറവ് | 5 |
| 650 നേക്കാൾ കുറവ് | 13 |
| 800 നേക്കാൾ കുറവ് | 28 |
| 950 നേക്കാൾ കുറവ് | 37 |
| 1100 നേക്കാൾ കുറവ് | 44 |

a) $N = 44$

- മധ്യമം = 22 -) മത്തെയും 23 -) മത്തെയും വീടുകളിലെ വൈദ്യുതി ഉപയോഗത്തി ന്റെ തുകയുടെ പകുതി = $\frac{x_{22} + x_{23}}{2}$

- മധ്യമം വരുന്നത് 650 നും 800 നും ഇടയിലാണ് . ( മധ്യമവിഭാഗം : 650 – 800 )


- മധ്യമവിഭാഗത്തിൽ 15 തൊഴിലാളികളുണ്ട് .

.

- 650 മുതൽ 800 വരെയുള്ള 150 രൂപയെ 15 തുല്യഭാഗങ്ങളാക്കുക .

- ഒരു ഉപവിഭാഗത്തിന്റെ നീളം = $\frac{150}{15} = 10 = d$

- ഇങ്ങനെ കിട്ടുന്ന ഓരോ ഉപവിഭാഗത്തിന്റെയും കൃത്യം നടുവിലാണ് മധ്യമവിഭാഗ ത്തിലെ തൊഴിലാളികളുടെ ദിവസക്കൂലികൾ വരുന്നത് എന്ന് സങ്കൽപ്പിക്കുക .




b) $x_{14} = \frac{650 + 660}{2} = \frac{1310}{2} = 655$

( മധ്യമവിഭാഗത്തിൽ വരുന്ന ദിവസക്കൂലികൾ സമാന്തരശ്രേണിയിലാണ് )

c) $x_{22} = x_{14} + 8d = 655 + (8 \times 10) = 655 + 80 = 735$ ,

$x_{23} = x_{22} + d = 735 + 10 = 745$

മധ്യമം = $\frac{x_{22} + x_{23}}{2} = \frac{735 + 745}{2} = \frac{1480}{2} = 740$ രൂപ